ശ്രീ. ജോസഫ് ചാഴിക്കാട്ട് : കാസർകോഡ് താലൂക്കിൽ ഏതാനും ആയിരം ഏക്കർ സ്ഥലം വനമായി മാറ്റിയിട്ടിരിക്കുകയും അതിൽനിന്നു ഗവണ്മെൻറിനു യാതൊരാദായവും കിട്ടാതിരിക്കുകയുമാണു്. ആ ഭൂമി ഭൂരഹിതരായ ആളുകൾക്കു് രണ്ടുമൂന്നു് ഏക്കർ വീതം വീതിച്ചുകൊടുക്കുന്നതിനു് ഗവണ്മെൻറു് ആലോചിക്കുമോ ?

ശ്രീ. ആർ. ശങ്കർ : അതുപോലെയൊരു പദ്ധതിയെപ്പറ്റി ഞാൻ പറഞ്ഞു. രണ്ടായിരം കുടുംബങ്ങളെ പാർപ്പിക്കാനുള്ള നടപടികളും നടന്നുകൊണ്ടിരിക്കുകയാണു്. പദ്ധതി പൂർത്തിയായിട്ടില്ല. ഇനിയും ഭൂമി ബാക്കിയുണ്ടെന്നു ഗവണ്മെൻറിനറിയാം. ആ ഭൂമിയിൽ ഒരുഭാഗം മനുഷ്യർക്കു പാർക്കാൻ കൊള്ളാത്ത നിലയിൽ, വെട്ടുകല്ലു് മാത്രമുള്ള ഭൂമിയായതുകൊണ്ടു് അവിടെ കൃഷിചെയ്യാൻ പ്രയാസമാണു്. മഴ പെയ്താൽ വെള്ളം മുഴുവൻ ഒലിച്ചുപോകും. അങ്ങനെയുള്ള സ്ഥലത്തു് തൽക്കാലം റീ ഹാബിലിറ്റേറ്റു് ചെയ്യാൻ സാധിക്കുമോ എന്നു സംശയമാണു്.

പോലീസ് സ്റ്റേഷനുകളും പോലീസ് ഔട്ട്പോസ്റ്റുകളും

* 163. [19] ശ്രീ. ടി. എ. തൊമ്മൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയതായി ഇക്കൊല്ലം പോലീസ് സ്റ്റേഷനുകളും പോലീസ് ഔട്ട്പോസ്റ്റുകളും തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നത്തേക്കു് ; എവിടെയെല്ലാം;

(സി) മീനച്ചിൽ താലൂക്കിൽ മേലുകാവിൽ ഒരു പോലീസ് സ്റ്റേഷനും വല്യകുമാരമംഗലത്തു് ഒരു പോലീസ് ഔട്ട്പോസ്റ്റും തുടങ്ങുവാൻ മടിയുണ്ടാകുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) പുതിയ ഔട്ട്പോസ്റ്റുകളും തുടങ്ങുവാൻ ഉദ്ദേശിക്കുന്നില്ല. പുതിയ പോലീസ് സ്റ്റേഷനുകളും തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടു്.

(ബി) ഈ സാമ്പത്തികവർഷത്തിൽത്തന്നെ കുമരകം, കടുത്തുരുത്തി (കോട്ടയം ജില്ല), കോളവല്ലൂർ (കണ്ണൂർ), ചാത്തന്നൂർ (കൊല്ലം), അമ്പലവയൽ (കോഴിക്കോടു്), മുളന്തുരുത്തി (എറണാകുളം), എന്നീ ആറു് പോലീസ് ഔട്ട്പോസ്റ്റുകളെ ചാർജിംഗ് സ്റ്റേഷനാക്കി ഉയർത്താനും, ഹോമാംബികാനഗർ (പാലക്കാടുജില്ല) പുത്തൻകുരിശു് (എറണാകുളം), എടക്കര (കോഴിക്കോടു്), എന്നീ സ്ഥലങ്ങളിൽ ഓരോ പുതിയ ചാർജിംഗ് സ്റ്റേഷൻ തുറക്കുവാനും ഗവണ്മെൻറു് നിശ്ചയിച്ചിട്ടുണ്ടു്.

(സി) ഇപ്പോൾ ഉദ്ദേശമില്ല.

ശ്രീ. ടി. കൃഷ്ണൻ : കൊല്ലത്തു തന്നെ ഈസ്റ്റു്, വെസ്റ്റു് എന്നീ പോലീസ് സ്റ്റേഷനോടൊപ്പം കാവനാടു് ഒരു ഔട്ട്പോസ്റ്റു കൂടിയുണ്ടു്. ഇതു് നീണ്ടകര പാലത്തിനടുത്തോട്ടു മാറ്റിസ്ഥാപിക്കുമോ ?

ശ്രീ. ആർ. ശങ്കർ : വളരെക്കാലമായി നിലവിലിരിക്കുന്ന ഒരു ഔട്ട്പോസ്റ്റു് രണ്ടു ഫർലോംഗു് മാറ്റിസ്ഥാപിക്കണമെന്നാണു് നിർദ്ദേശം. അതാവശ്യമാണെന്നു തോന്നുന്നില്ല.

പോലീസ് നായ്ക്കൾ.

* 164. [20] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ പോലീസ് ഡിപ്പാർട്ടുമെൻറു വകയായി എത്ര പോലീസ് നായ്ക്കളുണ്ടു് ; പരിശീലനം പൂർത്തിയായവ എത്ര ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ നായ്ക്കളുടെ സംരക്ഷണത്തിനു് പ്രതിമാസം ചെലവാകുന്ന സംഖ്യ എത്ര ;

(സി) ഇതിനകം ഈ നായ്ക്കളെക്കൊണ്ടു് ഏതെങ്കിലും കേസ്സുകൾ തെളിയിക്കാൻ കഴിഞ്ഞിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 5. പരിശീലനം പൂർത്തിയായവ 3 എണ്ണം.

(ബി) പ്രതിമാസം 525 രൂപ.

(സി) ഉണ്ടു്. കൊലപാതകം, മോഷണം, കവർച്ച, ഗൃഹമോഷണം എന്നീ ഇനങ്ങളിലായി 8 കേസ്സുകൾ ഇവയുടെ സഹായത്തോടെ തെളിയിച്ചിട്ടുണ്ടു്.

ശ്രീ. ഇ. പി. ഗോപാലൻ : കേസ്സുകളുടെ കൂട്ടത്തിൽ ഗൃഹമോഷണം എന്നു കേട്ടു. വീടു് ആകെ എടുത്തുകൊണ്ടു പോകുന്ന ഏർപ്പാടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : അതിനും കഴിവുള്ളവർ ഉണ്ടു്. ഇവിടെ ഉദ്ദേശിച്ചതു് ഹൗസ് ബ്രേക്കിംഗ് ആൻഡ് തെഫ്റ്റ് എന്നാണു്.

ശ്രീ. ജോസഫ് ചാഴിക്കാടൻ : 3 പട്ടികളുടെ പരിശീലനം പൂർത്തിയായി എന്നു പറഞ്ഞു. ഇതിനു് പ്രത്യേക പരീക്ഷയോ മറ്റോ ഉണ്ടോ ? എന്തു മാനദണ്ഡംവച്ചാണു് പൂർത്തിയായി എന്നു പറഞ്ഞതു് ?

ശ്രീ. ആർ. ശങ്കർ : അതിനൊരു കോഴ്സുണ്ടു്. പരിശീലനം ലഭിച്ച നായ്ക്കളേയും അവയുടെ കീപ്പേഴ്സിനേയും ഉപയോഗിച്ചാണു് അതു നടത്തുന്നതു്. മദ്രാസ് റെയിൽവേ ഡിപ്പാർട്ടുമെന്റിൽ ഇങ്ങനെയൊരു വിദഗ്ദ്ധ സംഘം ഉണ്ടു്. അവിടെ അയച്ചാണു് നമ്മുടെ നായ്ക്കളെ പരിശീലിപ്പിച്ചതു്. അവിടത്തെ കോഴ്സു് പൂർത്തിയാക്കിയാൽ പരിശീലനം ലഭിച്ചുകഴിഞ്ഞു എന്നാണു് സാങ്കേതികമായി വച്ചിട്ടുള്ളതു്. പിന്നെ ഇവിടെ കൊണ്ടുവന്നു വല്ല ഉപയോഗവും ഉണ്ടോ എന്നു നോക്കും. ഇതു് പരിശീലനം ലഭിച്ചതിന്റെ ഒരു മാനദണ്ഡമായി സ്വീകരിക്കും.

കടത്തുകടവു്.

* 165. [21] ശ്രീ. ജോർജ്ജ് ജോസഫ് പൊടിപ്പാറ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സ്റ്റേറ്റിൽ ഏതെല്ലാം കടത്തുകളിൽ speed lounge ഉപയോഗിച്ചു് കടത്തു് ഇറക്കുന്നുണ്ടു് ;

(ബി) ചേർത്തല—കോട്ടയം വാഹനയാത്ര സൗകര്യപ്പെടുത്തുന്നതിനു വൈക്കം—പള്ളിപ്പുറം കടത്തിൽ ഒരു സ്പീഡു് ലോഞ്ചു് ഏർപ്പെടുത്തുന്ന കാര്യം ഗവണ്മെന്റു് പരിഗണിക്കുമോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർ കോയ):

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഈ കാര്യത്തെപ്പറ്റി ആലോചിക്കാം.

അഴിമതി നിരോധനം.

* 166. [22] ശ്രീ. പി. സി. രാഘവൻ നായർ : താഴെ കാണുന്ന ചോദ്യത്തിനു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അഴിമതിനിരോധനവകുപ്പിന്റെ പ്രവർത്തനത്തിൽ ഏതെല്ലാം തരത്തിലുള്ള കുറവുകൾ ഉൾപ്പെടുന്നുണ്ടു് ?

LIBRARY ARCHIVES Kerala Legislative Assembly